# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 914** 20/03/2013 - ൽ മറുപടിക്ക്

**അങ്കമാലി ഇ .എസ ്. ഐ . ഡിസ്പെൻസറി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസൗകര്യങ്ങൾ മൂലം ഇവിടെയെത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) അങ്കമാലി ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അസൗകര്യങ്ങൾ മൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് രണ്ട് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. |
| (ബി) )ഇതു സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ (റഫ.നമ്പർ2200/എം(എൽ.& ആർ/ വി . ഐ.പി/ 2012 ) സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ | (ബി) അവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിവേദനം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് അയച്ചുകൊടുത്തു. |
| (സി) രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ അടിയന്തര നടപടിസ്വീകരിക്കുമോ ; | (സി) രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി എടുക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. അതനുസരിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ നടപടികൾ എടുത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?. | (ഡി) ഡിസ്പെൻസറി കൂടുതൽ സ്ഥലസൗകര്യമുള്ള കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇവിടെ രോഗികൾക്കും ഡോക്ടർമാർക്കും വേണ്ട എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഫ്രിഡ്ജ് വാങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ